പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4393 21.03.2018- ൽ മറുപടിയ്ക്ക്

## വ്യാപകമാകുന്ന ഭിക്ഷാടനം

ചോദ്യം

മറുപടി

ശ്രീ.പി.കെ.അബ്ദു റബ്ബ്.

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭിക്ഷാടനം വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് നിയന്ത്രിക്കുന്നതിനോ അല്ലെങ്കിൽ നിരോധിക്കുന്നതിനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | സംസ്ഥാനത്ത് ഭിക്ഷാടനം നടത്തുന്നവരെ പുനരധിവസിപ്പി-ക്കുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 16 ബെഗ്ഗർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് യാചകനിരോധനം സമ്പൂർണ്ണമാക്കു-ന്നതിന്റെ ഭാഗമായി "ദി കേരള പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആന്റ് പ്രോട്ടക്ഷൻ ഓഫ് ഡെസ്റ്റിറ്റ്യൂട്ട് ബെഗ്ഗേഴ്സ് ബിൽ-" - ന്റെ കരട് ബിൽ തയ്യാറാക്കി വരികയാണ്. പ്രസ്തുത ബില്ല് ബാലഭിക്ഷാടനം, ഭിക്ഷാടന മാഫിയകൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയെ നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ ചട്ടങ്ങൾ ഉൾപ്പെടുത്തിയാണ് തയ്യാറാക്കി വരുന്നത്. ഇത് നിയമമായി മാറുമ്പോൾ സംസ്ഥാനത്ത് സമ്പൂർണ്ണമായും ഭിക്ഷാടനം നിരോധിക്കാൻ കഴിയുന്നതാണ്. പ്രസ്തുത ചട്ടം നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടാണ് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള യാചകഭവനങ്ങളിൽ ആളുകളെ സംരക്ഷിച്ച് വരുന്നത്. |

**സെക്ഷൻ ഓഫീസർ**